compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജൂൺ 30
Tuesday, 30th June 2026

1201 മിഥുനം 16
16th Mithunam 1201

1948 ആഷാഢം 9
9th Ashadha 1948

വാല്യം 15
Vol. XV

നമ്പർ / **No.** **26**

Part III

Kerala Prisons and Correctional Services

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ :KPCS/966/2026-A2 **തീയതി : 19-06-2026**

കേരള സംസ്ഥാന ജയിൽ വകുപ്പിന് കീഴിലുള്ള വിവിധ ജയിലുകളിൽ താഴെ പറയുന്ന തസ്തികയിലേക്ക് താൽക്കാലികമായി പ്രതിമാസ കരാർ വേതന വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നതിന് അർഹരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

വകുപ്പ്	ജയിൽ വകുപ്പ് (കേരള സർക്കാർ)
തസ്തികയുടെ പേര്	കൗൺസിലർ / സോഷ്യൽ വർക്കർ
ഒഴിവുകളുടെ എണ്ണം	4 (നാല്) *(കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലാ ജയിലുകളിലേക്ക് ഒന്നു വീതം)*
നിയമന സ്വഭാവം	പൂർണ്ണമായും താൽക്കാലികം (12 മാസത്തെ കരാർ വ്യവസ്ഥയിൽ മാത്രം)
പ്രതിമാസ വേതനം	32,580/- രൂപ (മുപ്പത്തിരണ്ടായിരത്തി അഞ്ഞൂറ്റി എൺപത് രൂപ മാത്രം)

നിശ്ചിത യോഗ്യതകൾ:

1. **വിദ്യാഭ്യാസ യോഗ്യത:** അംഗീകൃത സർവ്വകലാശാലയിൽ നിന്നും സൈക്യാട്രിക് സോഷ്യൽ വർക്കിൽ നേടിയ MSW അല്ലെങ്കിൽ MA (Psychology) ബിരുദം.
2. **പ്രവൃത്തിപരിചയം:** മേൽപ്പറഞ്ഞ യോഗ്യത നേടിയ ശേഷം കൗൺസിലിംഗ് രംഗത്ത് കുറഞ്ഞത് 2 വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം. കുറ്റവാളികളെ കൗൺസിലിംഗ് ചെയ്യുള്ള പരിചയവും ക്രിമിനോളജി മേഖലയിലെ പ്രവൃത്തിപരിചയവും അഭികാമ്യം. ജയിൽ വകുപ്പിലോ സാമൂഹ്യനീതി വകുപ്പിലോ സമാന മേഖലയിൽ ജോലി ചെയ്തിട്ടുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.
3. **പ്രായപരിധി:** അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിൽ 40 വയസ്സ് കവിയാൻ പാടില്ല. പ്രായപരിധിയിൽ KSSR പ്രകാരമുള്ള യാതൊരുവിധ ഇളവുകളും അനുവദനീയമല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പൊതുവായ നിബന്ധനകൾ:

- ഈ നിയമനം പൂർണ്ണമായും താൽക്കാലികവും കരാർ അടിസ്ഥാനത്തിലുള്ളതുമാണ്. ഈ തസ്തികയിലോ, ജയിൽ വകുപ്പിലോ, മറ്റ് അനുബന്ധ സ്ഥാപനങ്ങളിലോ സ്ഥിര നിയമനത്തിനോ സേവനം സ്ഥിരപ്പെടുത്തുന്നതിനോ ഭാവിയിൽ യാതൊരുവിധ അവകാശവാദവും ഉന്നയിക്കാൻ ഉദ്യോഗാർത്ഥിക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.
- തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ആകസ്മിക അവധി (Casual Leave) മാത്രമായിരിക്കും ബാധകം (പ്രതിമാസം ഒരെണ്ണം എന്ന ക്രമത്തിൽ വർഷത്തിൽ പരമാവധി 12 അവധികൾ).
- യോഗ്യരായ ഉദ്യോഗാർത്ഥികളെ സ്ക്രീനിംഗ്, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുക്കുന്നത്.

അപേക്ഷിക്കേണ്ട വിധം:

താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജയിൽ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.keralaprisons.gov.in** -ൽ ലഭ്യമാക്കിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂർണ്ണമായി പൂരിപ്പിച്ച്, യോഗ്യതയും പ്രവൃത്തിപരിചയവും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം **ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവീസസ്, പ്രിസൺസ് ഹെഡ്ക്വാർട്ടേഴ്സ്, പൂജപ്പുര, തിരുവനന്തപുരം – 695012** എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ **keralaprisons@gov.in** എന്ന ഔദ്യോഗിക ഇമെയിൽ വിലാസത്തിലും സമർപ്പിക്കാവുന്നതാണ്.

പൂരിപ്പിച്ച അപേക്ഷകൾ ഒടുവിൽ സ്വീകരിക്കുന്ന അവസാന തീയതി **16-07-2026, വൈകുന്നേരം 5:15 മണി** വരെ ആയിരിക്കും. വൈകി ലഭിക്കുന്നതും അപൂർണ്ണവുമായ അപേക്ഷകൾ യാതൊരു മുന്നറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

(ഒപ്പ്)

ഡയറക്ടർ ജനറൽ,
പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

ആസ്ഥാനകാര്യാലയം,
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം–695 012

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.06.30 03:50:45 +05:30